**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 33** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ ബാങ്ക് ക്രമക്കേടിന് ശേഷവും സംസ്ഥാനത്ത് സഹകരണ ബാങ്കിംഗ് മേഖലയിൽ സമാനമായ ക്രമക്കേടുകൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കരുവന്നൂർ ബാങ്ക് ക്രമക്കേടിനു ശേഷവും വകുപ്പ് തല അന്വേഷണത്തിൽ ഏതാനും സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ നിയമത്തിലെ വകുപ്പുകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ, സഹകരണസംഘം രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള സർക്കുലർ നിർദ്ദേശങ്ങൾ, സംഘം നിയമാവലി വ്യവസ്ഥകൾ എന്നിവ പാലിക്കുന്നതിൽ സഹകരണസംഘം ഭരണസമിതിയും ജീവനക്കാരും വീഴ്ച വരുത്തുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 65, 66 ലെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധനയിൽ ക്രമക്കേടുകൾക്കുള്ള കാരണം കണ്ടെത്തി നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | തിരുവനന്തപുരം കണ്ടല സർവീസ് സഹകരണ ബാങ്ക് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തിരുവനന്തപുരം ജില്ലയിലെ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് റ്റി. 197 ൽ വിവിധ വിഷയങ്ങളിലായി സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ വിവിധ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്കിന്റെ പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകളിന്മേൽ സഹകരണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത വിഷയത്തിലുള്ള സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ) അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാക്കട അസിസ്റ്റന്റ് രജിസ്ട്രാർ അന്വേഷണം നടത്തി 22.01.2022 ലെ ഒ 1723/2021 നമ്പറായുള്ള റിപ്പോർട്ട് 04.02.2022 തീയതി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കുകയും ടി റിപ്പോർട്ടിൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ |

| | | | |
|---|---|---|---|
| | | | പരാമർശിച്ചിട്ടുള്ളതും ടി റിപ്പോർട്ടിന്മേൽ സംഘത്തിൽ നിന്നും വിശദീകരണം തേടി സഹകരണ നിയമം വകുപ്പ് 32 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുകയുമാണ്. |
| (ഡി) | 2022 ജനുവരി 22 -ന് അന്വേഷണ റിപ്പോർട്ട് സഹകരണ വകുപ്പിന് സമർപ്പിച്ചെങ്കിലും ഭരണ സമിതിക്കെതിരെ നടപടിയെടുത്തിട്ടില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | സഹകരണനിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ സംഘത്തിന്റെ വിശദീകരണം തേടേണ്ടത് നിയമ പ്രകാരമുള്ള ബാധ്യതയായതിനാൽ ടി റിപ്പോർട്ടിന്മേൽ തുടർനടപടികൾക്ക് സംഘത്തിന്റെ വിശദീകരണം തേടി 21.03.2022 ന് സംഘം സെക്രട്ടറിക്ക് കത്ത് കൊടുത്തിരുന്നു. 30.04.2022 തീയതി വരെ ആയതിന് സംഘത്തിന് സമയം അനുവദിച്ചിരുന്നതുമാണ്. സംഘം പ്രസ്തുത വിശദീകരണം 12.05.2022 തീയതിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത വിശദീകരണത്തിന്മേൽ അസിസ്റ്റന്റ് രജിസ്ട്രാറുടെ അഭിപ്രായം സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ 30.05.2022 ന് ആയത് ലഭ്യമാക്കിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ തൃപ്തികരമായ വിശദീകരണം സമർപ്പിക്കുവാൻ സംഘത്തിന് കഴിഞ്ഞിട്ടില്ലാത്ത സാഹചര്യം ബോധ്യമായതിനാൽ സഹകരണ നിയമം വകുപ്പ് 32(1) (എ) (സി) പ്രകാരം ഭരണസമിതിയെ പിരിച്ചുവിടാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ നേരിട്ട് ബോധ്യപ്പെടുത്തുവാൻ 28.06.2022 തീയതി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സമയം അനുവദിച്ച് നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ടി വിഷയത്തിൽ കാലതാമസം ഇല്ലാതെ തന്നെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ